പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:232

18.06.2018 ൽ മറുപടിയ്ക്ക്

**ചോദ്യം**

ശ്രീ.എ.പി. അനിൽ കുമാർ

ശ്രീ.ഐ.സി.ബാലകൃഷ്ണൻ

ശ്രീ. കെ.മുരളീധരൻ

ശ്രീ.പി.ടി. തോമസ്

**മറുപടി**

ശ്രീ.ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

## ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള ഭൂമി

| | | |
|---|---|---|
| (എ) | ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള ഭൂമിയും അവർ വിറ്റ ഭൂമിയും തിരിച്ച് പിടിക്കുവാൻ, ഭൂമിയേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സ്പെഷ്യൽ ഓഫീസർ ആയിരുന്ന ശ്രീ. രാജമാണിക്യം നൽകിയ ഉത്തരവുകൾ കേരള ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ; | (എ)യും (ബി)യും ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ 11/4/2018 ലെ WP(C)33122/14 ലെ ഉത്തരവ് പ്രകാരം ഹാരിസൺസ് മലയാളം കമ്പനി ലിമിറ്റഡ്, ഗോസ്പൽ ഫോർ ഏഷ്യ, റ്റി.ആർ & റ്റി, ബോയ്സ് എസ്റ്റേറ്റ്, റിയ എന്നീ കമ്പനികളിൽ നിന്നും ഭൂമി ഏറ്റെടുക്കുവാനുള്ള സ്പെഷ്യൽ ഓഫീസറുടെ ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്. പ്രസ്തുത കമ്പനികൾ വിവിധ അധികാര കേന്ദ്രങ്ങളിൽ നിന്നും ഭൂമി അവരുടെതാണെന്ന് സ്ഥാപിക്കുന്നതിന് അനുകൂലമായ സർട്ടിഫിക്കറ്റുകളും, ഉത്തരവുകളും മറ്റും സമ്പാദിച്ചിരുന്നു. ടി ഉത്തരവുകളും / സർട്ടിഫിക്കറ്റുകളും മറ്റും അസാധുവാണെന്ന് പ്രഖ്യാപിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് കെ.എൽ.സി ആക്റ്റ് പ്രകാരം നടപടി സ്വീകരിക്കുവാൻ നിയുക്തനാക്കിയിട്ടുള്ള സ്പെഷ്യൽ ഓഫീസർക്ക് അധികാരമില്ല എന്ന കാരണത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഏറ്റെടുക്കൽ ഉത്തരവുകൾ റദ്ദാക്കിയിട്ടുള്ളത്. |
| (ബി) | കൃത്രിമ രേഖകളുടെ അടിസ്ഥാനത്തിലാണ് ഹാരിസൺ ഭൂമി കൈവശം വച്ചിരിക്കുന്നത് എന്ന് സിംഗിൾ ബഞ്ചിനെ ബോദ്ധ്യപ്പെടുത്തുവാൻ സർക്കാരിനുണ്ടായ ഗുരുതരമായ വീഴ്ചയാണ് ഈ കേസിൽ തിരിച്ചടി നേരിടുവാൻ കാരണം എന്നത് വസ്തുതയാണോ; | |
| (സി) | ഹാരിസൺ കൈവശപ്പെടുത്തിയ ഭൂമി തിരിച്ചുപിടിച്ച് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് സർക്കാരിന് കേസ് നടത്തിപ്പിലുണ്ടായ വീഴ്ച മൂലം തടസ്സം നേരിട്ടിട്ടുണ്ടോ; | (സി)യും (ഡി)യും ബഹു. ഹൈക്കോടതിയുടെ 11/4/2018 ലെ WP(C)33122/14-ലെ ഉത്തരവ് സംസ്ഥാന സർക്കാരിന്റെ താത്പര്യങ്ങൾക്ക് ഹാനികരമായിട്ടുള്ളതാകയാൽ ടി വിധിക്കെതിരെ ബഹു.സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനു അഡ്വക്കേറ്റ് ജനറലിനു നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) | എങ്കിൽ ഈ വിധിക്കെതിരെ അപ്പീൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന വ്യക്തമാക്കാമോ? | |

(ഒപ്പ്)

സെക്ഷൻ ഓഫീസർ